**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4001** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോമിയോപ്പതി വകുപ്പിൽ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ പ്രൊബേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനു തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഹെഡ്ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ പ്രൊബേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. സീനിയർ സൂപ്രണ്ട് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യരായ (പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച) ജീവനക്കാർ നിലവിൽ ഇല്ലാത്തതിനാൽ ടി തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് തടസ്സമുണ്ട്. വകുപ്പിലെ ഒഴിഞ്ഞു കിടക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കുന്നതിനായി ഹോമിയോപ്പതി വകുപ്പ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ